കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയില്ലായെന്നും ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ചുള്ള കേരളത്തിന്റെ നിലപാട് നേരത്തേ തന്നെ അറിയിച്ചിട്ടുണ്ട്.

കേന്ദ്രബജറ്റ് സംബന്ധിച്ച സംസ്ഥാന നിർദ്ദേശങ്ങൾ

77 (78) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാനം യഥാസമയം ശിപാർശ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത ശിപാർശ സമർപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ചർച്ചകളും പരിശോധനകളും നടത്തിയിരുന്നോ ;

(സി) സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ അംഗീകരിക്കപ്പെട്ടവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) 2015-16 കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2014-15-ലെ കേന്ദ്ര പൊതു ബജറ്റ് സംബന്ധിച്ച് ആവശ്യമായ ചർച്ചകളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനം യഥാസമയം സമഗ്രമായ ശിപാർശകൾ സമർപ്പിച്ചിരുന്നു. 2014-15-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാന സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും, പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവുകുറഞ്ഞ വായ്പാപദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.ടി. (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിലെ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു.

ഇതിനുപുറമേ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിരുന്നു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ, സംസ്ഥാന ആഡംബര നികുതിയുടെ പരിധിയിൽ വരുന്ന ഇനങ്ങളെ കേന്ദ്ര സേവന നികുതിയുടെ പരിധിയിൽക്കൂടി ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്തുനിന്ന് ഉൽപാദിക്കപ്പെടുന്ന ഇനങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവുകൾ നൽകുക തുടങ്ങിയവയാണ് സംസ്ഥാനം സമർപ്പിച്ച നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ.

(സി) 2014-15-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടുന്നതിനായി സംസ്ഥാനം മുന്നോട്ട് വച്ച ശിപാർശകൾ ഭാഗീകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 462.12 കോടി രൂപയും കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതാ പദ്ധതിയ്ക്ക് വേണ്ടി 500 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയത് ഇതുസംബന്ധിച്ച് സംസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ച ശിപാർശകൾ കൂടി കണക്കിലെടുത്താണ്. ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്ന പ്രഖ്യാപനവും കേരളത്തിൽ IIT സ്ഥാപിക്കുമെന്ന വാഗ്ദാനവും സംസ്ഥാന ശിപാർശകൾ അംഗീകരിക്കപ്പെട്ടതിന്റെ സൂചകങ്ങളാണ്.

എറണാകുളത്ത് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ സ്ഥാപിക്കൽ, 'സ്കിൽ ഇന്ത്യാ പദ്ധതി' ശുചിത്വ പദ്ധതി, മാതൃ-ശിശു സംരക്ഷണം, വനിതാ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിപുലീകരണം, കൃഷി, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ സംസ്ഥാനം സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടവയല്ല എങ്കിൽപ്പോലും മേൽപദ്ധതികൾ നടപ്പിലാക്കുന്നത് പൊതുവിൽ സംസ്ഥാനത്തിനും പ്രയോജനപ്രദമാണെന്ന് വിലയിരുത്തപ്പെടുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഫ്ളക്സ് ബോർഡുകളുടെ നിയന്ത്രണം

78 (79) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ രംഗത്തെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താൽപര്യം കൂടി പരിഗണിച്ച് ഫ്ളക്സ് ബോർഡുകൾ ഘട്ടംഘട്ടമായി നിരോധിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഫ്ളക്സ് ബോർഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ളക്സ് ബോർഡുകൾക്ക്, അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യംകൂടി

LIBRARY ARCHIVES Kerala Legislative Assembly